MINISTRY OF
POWER
GOVERNMENT OF INDIA

सत्यमेव जयते

# ENERGY CONSERVATION PROGRAMME

November 13, 14 Thiruvananthapuram

## ഊർജ്ജസംരക്ഷണത്തിനായി

### കേന്ദ്ര ഊർജ്ജ മന്ത്രാലയം ഒരുക്കുന്ന

# കൂട്ടായ്മ

നവംബർ 13,14 തിരുവനന്തപുരം .

**വേദികൾ:** കനകക്കുന്ന്, നിശാഗന്ധി, ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം ഓഡിറ്റോറിയം

Government of India | Government of Kerala | Bureau of Energy Efficiency | NTPC Limited | Power Grid Corporation of India Limited

Rural Electrification Corporation Limited | Kerala State Electricity Board | Energy Management Centre - Kerala | Agency for Non-Conventional Energy and Rural Technology

---

പ്രിയ സുഹൃത്തേ,

ഊർജ്ജോത്പാദനം പോലെ തന്നെ സുപ്രധാനമാണല്ലോ ഊർജ്ജ സംരക്ഷണവും. കുട്ടികളെ ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങളുടെ അംബാസഡർമാരാക്കുകയെന്ന ലക്ഷ്യത്തോടെ കേന്ദ്ര ഊർജ്ജ മന്ത്രാലയം നവംബർ ഡിസംബർ മാസങ്ങളിൽ രാജ്യവ്യാപകമായി ചിത്രരചനാ മത്സരവും മറ്റു പരിപാടികളും സംഘടിപ്പിച്ചുവരുന്നു. ഈ പരിപാടികളുടെ ഭാഗമായി ഇക്കുറി വിപുലമായ ജനപങ്കാളിത്തത്തോടെ ഒരു ഊർജ്ജ സംരക്ഷണ കൂട്ടായ്മക്ക് നമ്മുടെ തലസ്ഥാന നഗരിയായ തിരുവനന്തപുരത്ത് അരങ്ങ് ഒരുങ്ങുകയാണ്. നവംബർ 13, 14 തീയതികളിൽ കനകക്കുന്ന് കൊട്ടാരം, നിശാഗന്ധി ആഡിറ്റോറിയം, ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം എന്നിവിടങ്ങളിലായാണ് പരിപാടികൾ. മന്ത്രിമാർ, ജനപ്രതിനിധികൾ, ചലചിത്ര സാംസ്കാരിക കായിക രംഗങ്ങളിലെ പ്രമുഖർ, പൊതുജനങ്ങൾ, സ്കൂൾ വിദ്യാർത്ഥികൾ എവരേയും പങ്കെടുപ്പിച്ചു കൊണ്ട് ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളുടെ വിജയം സമൂഹത്തിന്റെ കൂട്ടുത്തരവാദിത്വമാണെന്ന സന്ദേശം പ്രചരിപ്പിക്കുകയാണ് ലക്ഷ്യം. നവംബർ 13ന് വൈകിട്ട് പാളയം രക്തസാക്ഷി മണ്ഡപത്തിൽ നിന്നും കനകക്കുന്നിലേക്ക് കൂട്ടയോട്ടവും ഒറ്റ ക്യാൻവാസിൽ ആയിരം പേർ ഒരുമിക്കുന്ന ചിത്രമെഴുത്തും ഉണ്ടാകും. ശേഷം നമുക്കേവർക്കും ഒരുമിച്ച് ഊർജ്ജസംരക്ഷണ പ്രതിജ്ഞയെടുക്കാം. തുടർന്ന് പൊതുപരിപാടിയും നൃത്ത - ഗാന സന്ധ്യയും നിശാഗന്ധിയിൽ. വരും കാലത്തേയും വരും തലമുറയേയും കരുതി കേന്ദ്ര ഊർജ്ജ മന്ത്രാലയവും സംസ്ഥാന സർക്കാരും ചേർന്നു സംഘടിപ്പിക്കുന്ന ഈ പരിപാടിയിലേക്ക് അങ്ങയുടെ മഹനീയമായ സാന്നിദ്ധ്യം സാദരം ക്ഷണിക്കുന്നു. കൂട്ടയോട്ടത്തിലും ഒറ്റ ക്യാൻവാസിലെ ചിത്രമെഴുത്തിലും താങ്കൾ തീർച്ചയായും പങ്കെടുത്ത് മറ്റുള്ളവർക്ക് മാതൃകയും പ്രചോദനവുമാകണമെന്ന് അഭ്യർത്ഥിക്കുന്നു. ഊർജ്ജസംരക്ഷണ പരിശ്രമങ്ങളിലെ സഫലമായ ഒരേടായി ഈ പരിപാടി മാറുമ്പോൾ അതിൽ അങ്ങയുടെ കൈയ്യൊപ്പും ഉണ്ടാകണമെന്നു ഞാൻ ആത്മാർത്ഥമായി ആശിക്കുന്നു.

സ്നേഹാദരങ്ങളോടെ

**കെ.സി. വേണുഗോപാൽ**
കേന്ദ്ര ഊർജ്ജ സഹ മന്ത്രി, ഭാരത സർക്കാർ



## നവംബർ 13, 2011

**10 am - 1 pm**
**കനകക്കുന്ന്**

**നല്ല നാളെയുടെ ചിത്രം വരയ്ക്കൂ**

BEE മാനദണ്ഡങ്ങൾ അനുസരിച്ച് സംസ്ഥാന തലത്തിൽ സ്കൂൾ കുട്ടികൾക്കായുള്ള ചിത്രരചനാ മത്സരം

**4 pm**
**പാളയം**

**ഹരിതാഭമായ നാളേക്കായി ചുവടുവയ്ക്കൂ, ചക്രം തിരിക്കൂ**

മന്ത്രിമാരും ജനപ്രതിനിധികളും സിനിമാ കലാസാഹിത്യ സാംസ്കാരിക രംഗത്തെ പ്രമുഖർ പങ്കെടുക്കുന്ന കൂട്ടയോട്ടം, സൈക്കിൾ റാലി, റോളർസ്കേറ്റിംഗ്.
**ഫ്ളാഗ് ഓഫ്: ശ്രീ. ആര്യാടൻ മുഹമ്മദ്**, സംസ്ഥാന വിദ്യുച്ഛക്തി വകുപ്പ് മന്ത്രി.
സുരേഷ് ഗോപി, പി.ടി. ഉഷ, ദിലീപ്, ഐ.എം. വിജയൻ, ടി.കെ. രാജീവ് കുമാർ, ലാൽ, ബൈസി, കൽപന, ബാബുരാജ്, പ്രവീണ, ചിപ്പി, കോട്ടയം നസീർ തുടങ്ങിയ പ്രിയ താരങ്ങൾ പങ്കെടുക്കുന്നു.

**5.30 pm - 6.15 pm**
**കനകക്കുന്ന്**

**വർണങ്ങൾ വർണാഭമായ നാളേക്കു വേണ്ടി സംഗമിക്കുന്നു**

പ്രശസ്ത ചിത്രകാരന്മാർക്കൊപ്പം റെക്യാൻവാസിൽ ജനപ്രതിനിധികളും സിനിമാ കലാസാഹിത്യ സാംസ്കാരിക രംഗത്തെ പ്രമുഖരും സ്കൂൾ വിദ്യാർഥികളും ചിത്രം വരയ്ക്കുന്നു.

**6.30 pm**
**നിശാഗന്ധി**

**ഞങ്ങളുടെ പ്രതിജ്ഞയ്ക്ക് ദീപങ്ങൾ സാക്ഷി**

ഊർജ്ജ സംരക്ഷണ പ്രതിജ്ഞ സ്കൂൾ വിദ്യാർത്ഥി ചൊല്ലിക്കൊടുക്കുന്നു. പ്രതിജ്ഞയിൽ ദീപങ്ങളുമായി നമുക്കണിചേരാം.

**6.35 pm - 7.15 pm**
**നിശാഗന്ധി**

| | |
|---|---|
| സ്വാഗതം | : **ശ്രീ. അജയ് മാത്തൂർ**, ഡയറക്ടർ ജനറൽ, ബി.ഇ.ഇ., |
| അധ്യക്ഷൻ | : **ശ്രീ. കെ.സി. വേണുഗോപാൽ**, ബഹു. കേന്ദ്ര ഊർജ്ജ സഹ മന്ത്രി |
| ഉദ്ഘാടനം | : **ശ്രീ. എം.ഒ.എച്ച്. ഫറൂഖ്**, ബഹു. കേരള ഗവർണർ |
| വിശിഷ്ടാതിഥി | : **ശ്രീ. ആര്യാടൻ മുഹമ്മദ്**, ബഹു. സംസ്ഥാന വിദ്യുച്ഛക്തി വകുപ്പ് മന്ത്രി |
| മഹനീയ സാന്നിധ്യം | : **ശ്രീ. വി.എസ്. ശിവകുമാർ,** ബഹു. സംസ്ഥാന ഗതാഗത, ദേവസ്വം വകുപ്പ് മന്ത്രി |
| | : **അഡ്വ. കെ. ചന്ദ്രിക,** ആരാധ്യയായ തിരുവനന്തപുരം മേയർ |
| | : **ശ്രീ. കെ. മുരളീധരൻ,** ബഹു. എം.എൽ.എ. |
| | : **ജനപ്രതിനിധികൾ, സിനിമ - സാംസ്കാരിക നായകർ, കായിക പ്രതിഭകൾ** |
| നന്ദി | : **ശ്രീ. ധരേശൻ ഉണ്ണിത്താൻ**, ഡയറക്ടർ, ഇ.എം.സി |

ചിത്രരചനാ മത്സര വിജയികൾക്ക് സമ്മാനദാനം | ഊർജ്ജ സംരക്ഷണ മാസാചരണ പ്രഖ്യാപനം







**7.30 pm**
**നിശാഗന്ധി**

**സംഗീത - നൃത്ത നിശ**

പ്രശസ്ത ഗായകൻ പി. ജയചന്ദ്രനും അവാർഡ് ജേതാവായ ഗായിക രാജലക്ഷ്മിയും ഒരുക്കുന്ന സംഗീത വിരുന്ന്

ചലചിത്രതാരം രമ്യാനമ്പീശനും സംഘവും ഒരുക്കുന്ന നൃത്ത വിസ്മയം

## നവംബർ 14, 2011

**10 am - 1 pm**
**ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം ഓഡിറ്റോറിയം**

**എനർജി സ്മാർട്ട് സ്കൂൾ പ്രോഗ്രാം,**
**സെമിനാർ,**
**കുട്ടികളുടെ ചിത്രപ്രദർശനം**

നവംബർ 13 ലെ പരിപാടിയിൽ പങ്കെടുത്ത് ഊർജ്ജസംരക്ഷണ മുദ്രാവാക്യം നൽകുന്ന എല്ലാവർക്കും CFL സമ്മാനം.
തിരഞ്ഞെടുക്കപ്പെടുന്ന മുദ്രാവാക്യങ്ങൾ ഭാവിയിൽ ഉപയോഗിക്കുന്നതാണ്.

***വരൂ, ഊർജ്ജ സംരക്ഷണ പരിശ്രമങ്ങളിൽ പങ്കാളികളാകൂ.***